## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4240 21.07.2015-ൽ മറുപടിയ്ക്ക്

## പാഠപുസ്തക അച്ചടി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് : | **ശ്രീ.കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | നടപ്പ് വർഷത്തെ പാഠപുസ്തക അച്ചടി വൈകുന്നത് അച്ചടി വകുപ്പിന്റെ വീഴ്ച കൊണ്ടാണോ; ഇക്കാര്യത്തിൽ വകുപ്പിന്റെ വിശദീകരണം എന്താണ്; | (എ), അല്ല.<br>2015-16 അദ്ധ്യയനവർഷത്തെ പാഠപുസ്തക അച്ചടിക്കുന്നതിനുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 28.10.2014 ലും ഫൈനൽ പ്രിന്റ് ഓർഡർ 10.02.2015 ലുമാണ് കെ.ബി.പി.എസിന് ലഭിച്ചത്. പേപ്പർ, ബോർഡ് എന്നിവ വാങ്ങുന്നതിനുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസവകുപ്പിന്റെ 11.11.2014-ലെ സർക്കാർ ഉത്തരവ് (സാധ) നം. 4920/2014/പൊവിവ പ്രകാരവും ആയതു വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ 24.01.2015-ലെ സർക്കാർ ഉത്തരവ് (സാധ) നം.150/2015/ഉവിവ പ്രകാരവും നൽകിയിട്ടുണ്ട്.<br><br>2015-16 അദ്ധ്യയനവർഷം 3,73,15,500 പാഠപുസ്തകങ്ങളുടെ അച്ചടി നടത്തുന്നതിനായി 10.02.2015-ൽ കെ.ബി.പി.എസിന് പ്രിന്റ് ഓർഡർ നല്കിയിരുന്നു. 2,33,26,800 പുസ്തകങ്ങൾ Vol I ആയും 1,39,88,700 |

പുസ്തകങ്ങൾ Vol II ആയും അച്ചടിക്കുന്നതിനാണ് നിർദ്ദേശം നല്കിയിരുന്നത്. Vol I പാഠപുസ്തക അച്ചടി മെയ് 15-ാം തീയതിയ്ക്കകം പൂർത്തികരിക്കാൻ കേരള ബുക്ക്സ് & പബ്ളിക്കേഷൻസ് സൊസൈറ്റിയ്ക്ക് കഴിയുകയില്ലെന്ന് അറിയിച്ചതിനെതുടർന്ന് ശേഷിച്ച 60 ലക്ഷത്തോളം പാഠപുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസ്സിനെ ഏല്പിക്കുന്നതിനുത്തരവായിരുന്നു.

ആയതിൽ 12,07,500 പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സ് അച്ചടിച്ച് നല്കിയിട്ടുണ്ട്. അച്ചടിപൂർത്തികരിക്കേണ്ട ബാക്കി പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുന്നതിനായി കെ.ബി.പി.എസിനെ ഏല്പിക്കുകയും ആയതിന്റെ അച്ചടിനടപടികൾ കെ.ബി.പി.എസിൽ പൂർത്തീകരിച്ചുവരുകയും ചെയ്യുന്നു.

(ബി) ഈ വർഷത്തെ ഓണത്തിനു മുൻപെയെങ്കിലും പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിക്കാൻ കഴിയുമോ?

വോളിയം 1 പാഠപുസ്തകങ്ങളുടെ അച്ചടി ജൂലൈ മാസത്തിൽ പൂർത്തീകരിക്കുവാനുള്ള അടിയന്തിര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ